## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3069 11/12/2014-ൽ മറുപടിയ്ക്ക്

## അരൂർ മണ്ഡലത്തിലെ തുറവൂർ ആശുപത്രിയുടെ സ്ഥലമെടുപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ എം. അരീഫ് | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | അരൂർ മണ്ഡലത്തിലെ തുറവൂർ ആശുപത്രിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ എന്താണ്; | (എ) | തുറവൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുള്ളതും അവാർഡ് പാസ്സാക്കിയിട്ടുള്ളതുമാണ്. എന്നാൽ ബഹു. ഹൈക്കോടതി മുൻപാകെയുള്ള ഡബ്ള്യു. പി. (സി) 28198/11 നം. ഹർജിയിലെ ഇടക്കാല ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നത് തടഞ്ഞിട്ടുള്ളതാണ്. |
| (ബി) | സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസ് ഏതു ഘട്ടത്തിലാണ് ; | (ബി) | പ്രസ്തുത റിട്ട് ഹർജി ഇപ്പോഴും നിലവിലുണ്ട്. |
| (സി) | സ്ഥലമെടുപ്പ് നടപടികൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) & (ഡി) | പൊന്നുംവില നടപടികൾ പൂർത്തിയായിട്ടുള്ളതിനാൽ തുടർ നടപടികൾ അവശേഷിക്കുന്നില്ല. സ്റ്റേ നീക്കിയാൽ സ്ഥലം ഏറ്റെടുത്ത് കൈമാറാനാകും. സ്റ്റേ മാറ്റി കിട്ടുന്നതിനായി അഡ്വക്കേറ്റ് ജനറലിന് കളക്ടർ കത്തെഴുതുകയും early posting-നുവേണ്ടി ബഹു. ഹൈക്കോടതിയിൽ ഐ.എ. ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. കേസ് അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതാണ്. |
| (ഡി) | തുറവൂർ ആശുപത്രിയുടെ വികസനത്തിനായി അടിയന്തിരമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ.